32D O32:1M77;26 H4
SARANOPAHARAM PALA[illegible]ESWARA IYER

143

143

MURUGAN BINDING WORKS
NO. 3. BOMMULU IYER STREET
ELEPHANTGATE, MADRAS-1.

DOCTRINA VIM PROMOVET INSITAM

**MADRAS UNIVERSITY**

**DEPARTMENTAL LIBRARIES.**

Call Number 032 : 1M77:26 H

Accession Number 176563

Section 32D

This book should be returned on or before
the date last marked below.

# ശരണോപഹാരം

32-D
032:1M77:26
H4

ഉള്ളൂർ

Saranopaharam

# ശരണോപഹാരം

(ശബരിമല ശാസ്താവിനെപ്പററിയുള്ള സ്തോത്രം)

UNIVERSITY LIBRARY
3 Nov. 1956
MADRAS

ULLUR PUBLISHING
TRIVANDRUM
JAGATY

മഹാകവി, റാവു സാഹിബ്,

**ഉള്ളൂർ എസ്. പരമേശ്വരയ്യർ,**

എം. ഏ., ബി. എൽ.

Ulloor, S. Parameswara Iyer

---

R.T. Pillai Sons

ആർ. ററി. പിള്ള ആൻഡ് സൺസ്,

ചാല, തിരുവനന്തപുരം

1120 1945

DEPARTMENTAL LIBRARY

ഒന്നാം പതിപ്പ് കാപ്പി—1000

പകർപ്പവകാശം ഗ്രന്ഥകാരന്

032D
176563
032:1M77:26
H4

വില അണ ആറ്

ശ്രീധര പ്രിൻറിംഗ് ഹൌസ്,
തിരുവനന്തപുരം

3 Nov. 1956
DEPARTMENTAL LIBRARIES 27 DEC 1956

# ശരണോപഹാരം

1. ശരണമയ്യപ്പാ! ശരണ,മേവരും
ശരണമെന്നടിപണിവോനേ!
ശരണമെന്നെന്നുമടിയങ്ങൾക്കങ്ങേ-
ച്ചരണതാരിണ—ഭഗവാനേ!

2. വരിക ശാസ്താവേ! വരിക സൽഗുരോ!
വരിക ധാർമ്മികപ്പെരുമാളേ!
ഒരുകുറി കനിഞ്ഞുഴിക ഞങ്ങളിൽ-
ത്തിരുമിഴിത്തെല്ലാൽ—ഭഗവാനേ! (ശരണമയ്യപ്പാ)

3. ശബരിമാമലയുടയോനേ! ഞങ്ങൾ-
ക്കഭയമേകിയിപ്പിറവിയെ
സഫലമാക്കുവാൻ വിരുതരീശ്വര-
രപരരില്ലല്ലോ—ഭഗവാനേ! (ശരണമയ്യപ്പാ)

4. വളരെനാളത്തേബ്‌ഭജനംകൊണ്ടുമു-
ള്ളിളകിടാത്തവരവരെല്ലാം;
ഇളകിയാൽത്തന്നെ കുശലമേകുവാൻ
ബലവും പോരാത്തോർ—ഭഗവാനേ! (ശരണമയ്യപ്പ)

5. കരുതിടുന്നതില്ലവരെയാരെയും
ശരണമായ് ഞങ്ങളഗ്ഗതികൾ;

ശരണം നിന്തിരുവടിതാൻ ഞങ്ങൾക്കു
പരമപൂരുഷ !—ഭഗവാനേ ! (ശരണമയ്യപ്പം)

6. പരിമിതം പാരമടിയങ്ങൾക്കുള്ള
പരിമളഹീനം പദസൂനം ;
പരിചയിക്കാനുമിടവന്നീലങ്ങേ-
പ്പരിചര്യാവിധി—ഭഗവാനേ ! (ശരണമയ്യപ്പം)

7. മറകൾക്കപ്പുറം മറയുവോരങ്ങേ-
പ്പെരുമ വാഴ്ത്തുന്ന ജഡർ ഞങ്ങൾ ;
ചെറുകിടാങ്ങൾതൻ മഴൽമൊഴിക്കുള്ളൻ
കുറവു ക്രുമമോ—ഭഗവാനേ ? (ശരണമയ്യപ്പം)

8. കലിയുഗം മുററി ; നെറിയെങ്ങും തെററി ;
തലകീഴായ് മാറി സകലവും ;
ഉലകിടമിതു മുഴുവനിന്നൊരു
കൊലനിലമായി—ഭഗവാനേ ! (ശരണമയ്യപ്പം)

9. "അവരവർതന്നെയവരവക്കീശർ ;
ഭുവനനാഥനില്ലൊരുവനും ;
വിവരമില്ലാത്തോരടിമക്കോലങ്ങ-
ളവനെക്കുള്ളപ്പുവോർ—ഭഗവാനേ ! (ശരണമയ്യപ്പം)

10. ദുരിതം ചെയ്തിടാമെവനും; ഭാവിയി-
ലൊരുകർമ്മത്തിനും ഫലമില്ല ;
മറുപിറവിയിലതു ഭുജിക്കേണ്ട
ഭർവ്വമില്ലാധർമ്മം—ഭഗവാനേ ! (ശരണമയ്യപ്പം)

11. ചതിയും കൊള്ളയും പകയുമെത്രനാഠം-
പ്പതിതഭാവത്തിൽക്കഴിയണം ?
ഗതിയവയ്ക്കു താൻ വരണം നാം തീക്കും
പുതിയ ലോകത്തിൽ—ഭഗവാനേ!" (ശരണമയ്യപ്പം)

12. പലരുമിങ്ങനെ മദലഹരിയിൽ
പ്രലപനംചെയ്തു ഞെളിയുമ്പോഠം,
മലയെന്നും, മാലയിടലെന്നും, മററും
ചിലമൊഴി കേഠപ്പൂ—ഭഗവാനേ ! (ശരണമയ്യപ്പം)

13. 'ശരണമയ്യപ്പാ ! ശരണ'മെന്നുള്ള
സരളമാമങ്ങേസ്തുതിയപ്പോഠം
പരമാദ്ദുഷ്ടർതൻ ചെവിയിൽച്ചെന്നെത്തി-
ക്കരളിലേറുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

14. അവരെവിട്ടുടൻ പഴയ പേക്കിനാ-
വെവിടെയോ മാറി മറയുന്നു ;
ശിവദമാസ്തോത്രമവരും കേഠക്കുന്നു
ചെവിയുംകൂപ്പിച്ചു—ഭഗവാനേ ! (ശരണമയ്യപ്പം)

15. മുറയും വർണ്ണവും സ്വരവും തെററാതെ,
നിറയും കണ്ണുമാ,യതിനുമേൽ,
കരവും കൂപ്പിനി,ന്നവരുമേറേററ-
ച്ഛരണം പാടുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

16. മതിഹിത,മെത്രതവണ ചൊന്നാലും
മതിവരില്ലങ്ങേത്തിരുനാമം ;

മധുരമാമതിന്നെതിരിൽ നില്ക്കുമ്പോൾ
സുധയും തിക്തകം—ഭഗവാനേ! (ശരണമയ്യപ്പം)

17. വരിക ശാസ്താവേ! ഭുവനശാസ്താവേ!
വരിക ഞങ്ങൾതൻ ഹൃദയത്തിൽ;
തിരുനായാട്ടിനുണ്ടഭിരുചിയെങ്കി-
ലരുതു താമസം—ഭഗവാനേ! (ശരണമയ്യപ്പം)

18. ശബരിമാമലയ്ക്കരികിൽ ശ്വാപദ-
മപാരം ക്രൂരതയ്ക്കഖിലവും;
സഫലമാവില്ല മൃഗയ,യാനല്ലോ-
രുപവനത്തിങ്കൽ—ഭഗവാനേ! (ശരണമയ്യപ്പം)

19. മയിലും മാനും പൈങ്കിളിയും കോലാട്ടും
കുയിലുമാ,യവ പുലരുന്നു;
നിയതമങ്ങേയ്ക്കച്ചരണദാസരിൽ-
ദ്ദയയുമേറുന്നു—ഭഗവാനേ! (ശരണമയ്യപ്പം)

20. ദുരയുമീറയും ചതിയും ഭള്ളുമി-
ത്തരമോരോ ഹിംസ്രമൃഗയൂഥം
വരദ! ഞങ്ങൾതൻ ഹൃദയത്തിൽ വാണു
പൊറുതി മുട്ടിപ്പൂ—ഭഗവാനേ! (ശരണമയ്യപ്പം)

21. തുരഗമേറിവന്നവയെയൊക്കെയും
ശരമെയ്തെയ്തു കൊന്നതിശീഘ്രം
തിരുനായാട്ടിങ്കലവിടേയ്ക്കുള്ളൊരു
വിരുതു കാട്ടുക—ഭഗവാനേ! (ശരണമയ്യപ്പം)

22. വിബുധൎക്കായ് സുധയുതകിയ വിഷ്ണു
സപദി പെററുപോലവിടത്തേ;
ഉപകൃതി നല്ലോൎക്കരുളുവോരെന്നും
സഫലജന്മാക്കൾ—ഭഗവാനേ! (ശരണമയ്യപ്പം)

20. സനകപൂജിതൻ ഹരിയെയും വീര-
ജനനിയെന്നുള്ള ബിരുദത്താൽ
മനുജർ വാഴ്ത്തുവതവിടത്തേ കൃപാ-
കണികകൊണ്ടല്ലീ—ഭഗവാനേ? (ശരണമയ്യപ്പം)

24. ഗരുഡവാഹനൻ, നിഖിലേശൻ, ഗീതാ-
ഗുരുവുമങ്ങയെ പ്രസവിക്കേ,
പുരുഷനും മാതൃപദവി കാമ്യമെ-
ന്നരുളിച്ചെയ്യുന്നു—ഭഗവാനേ! (ശരണമയ്യപ്പം)

25. തനതുകൃത്യമാം ഭുവനപാലനം
ഗുണഗരിഷ്ഠമായ് ച്ചമയുവാൻ
ജനയിത്രികളേളാരനുഭവം കൂടി-
ഗ്ഘനവർണ്ണൻ നേടി—ഭഗവാനേ! (ശരണമയ്യപ്പം)

26. ഇരുവർ ലാളിപ്പാൻ തനയർ പാൎശ്വത്തിൽ
മരുവിടുമ്പോഴുമവിരതം,
ഹരനങ്ങേപ്പിതൃപദവിതാൻ നല്കി
പരമമാം ഹർഷം—ഭഗവാനേ! (ശരണമയ്യപ്പം)

27. വരികെൻ വെള്ളിമാമലയിലേക്കെന്നു
ഹരനെതിരിൽനിന്നരുൾചെയ്തേ,

വരികെന്നുണ്ണി ! പാൽക്കടലിലേക്കെന്നു
ഹരി വിളിക്കുന്നു— ഭഗവാനേ ! (ശരണമയ്യപ്പം)

28. മതി ! പിതാക്കളേ ! മതി ഞാൻ കേരള-
ക്ഷിതിയിതിങ്കൽത്താൻ നിവസിപ്പൻ ;
പതിതസേവനം വ്രതമെനിക്കെന്നു
സദയനങ്ങോതി— ഭഗവാനേ ! (ശരണമയ്യപ്പം)

29. "അതിനുതാനുണ്ണിയവതരിച്ചു,ത-
ക്കഥ സുതപ്രേമലഹരിയിൽ
മതിയിലോർത്തീ"ലെന്നരുളി മാറിനാർ
വിധുവുമീശനും—ഭഗവാനേ ! (ശരണമയ്യപ്പം)

30. ഹരിയെയും പശുപതിയെയും ലോകം
രിരുവരാണെന്നു കരുതായ്വാൻ
ഇരുവർക്കുംകൂടിത്തനയനായ്ത്തീന്നു
നിരുപമൻ ഭവാൻ—ഭഗവാനേ ! (ശരണമയ്യപ്പം)

31. അരിയ കർമ്മവുമറിവും ലോകത്തി-
ലൊരുമിച്ചേ ഫലമുളവാക്കൂ ;
പരമിത്തത്ത്വം താനവിടത്തേജ്ജന്മ-
ചരിതത്തിൻ പൊരുൾ— ഭഗവാനേ! (ശരണമയ്യപ്പം)

32. അവിടെക്കാട്ടിലൊരരുമക്കൈക്കുഞ്ഞായ്
വിവശതപൂണ്ടു കരയവേ,
നൃവരൻ പാണ്ഡ്യൻതൻ മിഴികളിൽപ്പെട്ടു
ഭവികദൻ ഭവാൻ—ഭഗവാനേ ! (ശരണമയ്യപ്പം)

33. ഹരിഹയനീലമണിശിലപോലെ-
യരുളുവോരങ്ങേത്തിരുമേനി
കരംകുളിർപ്പിക്കും മൃഗമദച്ചാറെ-
ന്നരചന്ന തോന്നി—ഭഗവാനേ ! (ശരണമയ്യപ്പം)

34. അനപത്യൻ നൃപനനുരക്തൻ ഭവാൻ
തനയനായ്ത്തീൎന്ന നിമിഷത്തിൽ
തനതുജന്മത്തെ സ്സഫലമെന്നോൎത്താ
വനതലംവിട്ടാൻ—ഭഗവാനേ ! (ശരണമയ്യപ്പം)

35. മധുരയാം നിജകുലപുരി പുക്ക
മധുരവാണി തൻ ദയിതയ്ക്കായ്
അതുലനങ്ങയെപ്പരിപോഷിപ്പിക്കാൻ
ക്ഷിതിധവൻ നല്കി—ഭഗവാനേ ! (ശരണമയ്യപ്പം)

36. മണിവൎണ്ണൻ മായാമനുജനായ് വൃന്ദാ-
വനതലത്തിൽപ്പണ്ടരുളീലേ ?
അനഘനങ്ങുമാ നിലയിൽ ക്രീഡിച്ചു
മണികണ്ഠാഖ്യനായ്—ഭഗവാനേ ! (ശരണമയ്യപ്പം)

37. സകലശസ്ത്രാസ്ത്രകുശലനായ് ശുഭം
നഗരവാസികൾക്കുളവാക്കി
അകലുഷനങ്ങു വിലസി മേല്ക്കുമേൽ-
പ്പുകൾ വിളയിച്ചു—ഭഗവാനേ ! (ശരണമയ്യപ്പം)

38. "കൊതിയെന്തുണ്ണി ? ഞാൻ യുവരാജാവാക്കാം
മതിമാൻ നിന്നെ"യെന്നവനീശൻ.

കഥനംചെയ്യുവേ കുതിരശ്ലേവ്യകം
മതിയെന്നങ്ങോതി—ഭഗവാനേ! (ശരണമയ്യപ്പം)

39. വെറുമൊരു ഭടനവിട്ടന്നെങ്കിലു-
മരചസംക്രുടിബ് ഭയമേകി
ധരണിയിൽധാമ്മതരു തഴയ്ക്കിച്ചു
ദുരിതമാരകൻ—ഭഗവാനേ! (ശരണമയ്യപ്പം)

40. ഉലകിലെങ്ങനെയവിടേയ്ക്കേറിയോ
നലമെഴും പുകഴതുപോലേ
തലമുകൾക്കൊണ്ടു കരളിലീഷ്യയും
ഖലനാം മന്ത്രിക്കു—ഭഗവാനേ! (ശരണമയ്യപ്പം)

41. "സ്ഥവിരനീ നൃപൻ മൃതനാം വേളയി-
ലവനിയെൻേറതായ് ച്ചമയാസ്സാൻ
എവിടെയോനിന്നു ശനിയനെപ്പോലെ-
യിവനണഞ്ഞല്ലോ—ഭഗവാനേ! (ശരണമയ്യപ്പം)

42. എളിയവക്കൊരു തണലും താങ്ങുമായ്,
ഞെളിയുന്നോരുടെ തലതാഴ്ത്തി,
ഇളയരചൻെറ നിലയിച്ചെക്കൻ
വിളയുമാറായി—ഭഗവാനേ! (ശരണമയ്യപ്പം)

43. നെറിയും നീതിയും നിലനിത്തിക്കൊണ്ടി-
ത്തറുതലക്കാരൻ വളരുകിൽ
അറുതി തിന്മയ്ക്കു വരു,മെനിക്കുള്ള
പൊറുതിയും മുട്ടും—ഭഗവാനേ! (ശരണമയ്യപ്പം)

44. ശരി,യിതിന്നു ഞാൻ മറുകൈ നോക്കമെ”-
ന്നുരചെയ്താച്ചതിക്കൊലയാളി
പെരികെസ്സേവിച്ചു, മഹിഷിയെത്തന്നെ
വരദയാക്കിനാൻ—ഭഗവാനേ ! (ശരണമയ്യപ്പം)

45. കൊടിയ രോഗത്തിൻ പിടിയിൽപ്പെട്ടു തൻ
മട്ടുമൊഴിയാളെന്നറിയവേ
ഝടിതി പാഞ്ഞെത്തി നൃപനദ്ദേവിതൻ
കിടമുറിക്കുള്ളിൽ—ഭഗവാനേ ! (ശരണമയ്യപ്പം)

46. “തലനോവാണെനി,ക്കതുമാറാനീററ-
പ്പുലിതൻ പാൽ വേണം ഹൃദയേശ !
സുലഭമല്ലതു ; ഫലമെന്തോതിയാൽ ?
വലയുമാറായ് ഞാൻ”—ഭഗവാനേ! (ശരണമയ്യപ്പം)

47. അരുവയർമുത്തിൻ മൊഴിയിതിൻ തത്വ-
മരചൻ പ്രേമാന്ധനറിയാതെ
അരുളിനാൻ വേണം പുലിതൻ പാലെന്നു
പരിജനത്തോടു—ഭഗവാനേ ! (ശരണമയ്യപ്പം)

48. വിടകൊണ്ടാരവർ : “തിരുമല്ലാഴ്ചയാ-
യുടലിൽനിന്നുടൻറുയിർ വച്ചോം ;
അടിയങ്ങൾക്കീററപ്പുലിതൻ വായിൽച്ചെ-
ന്നടിയുവാൻ പണി.”—ഭഗവാനേ ! (ശരണമയ്യപ്പം)

49 വെളിവിലങ്ങപ്പോഴരുളി: "കല്പിച്ചാ-
ലെളിയോരിദ്ദാസനിന്നുനേരം
പുലിയിൽനിന്നല്ല, സുരഭിയിൽനിന്നും
വിളയിക്കാം ദുഗ്ദ്ധ."— ഭഗവാനേ! (ശരണമയ്യപ്പം)

50. ശരിയെന്നോതുന്ന നൃപനും മന്ത്രിയു-
മിരുവക്കും ഭാവമിരുവിധം;
വിരവിൽപ്പാ,ഞ്ഞപ്പോഠപ്പുലിയും കുട്ടിയു-
മരികിലെത്തുന്നു.— ഭഗവാനേ! (ശരണമയ്യപ്പം)

51. മലഹരൻ ദുഗ്ദ്ധജലധിശായിയാ-
മളിവണ്ണൻ പെററ തിരുമകൻ,
പുലിയെക്കൊ,ണ്ടങ്ങാപ്പുരിയിലോരോരോ
കളി കളിപ്പിപ്പൂ— ഭഗവാനേ! (ശരണമയ്യപ്പം)

52. വിരുതൻ മന്ത്രിതൻ കരളിൻ സ്വാദെന്തെ-
ന്നറിവതിന്നാദ്ധ്യമതുതന്നെ
കരുകരെച്ചവച്ചലറിത്തുപ്പുന്നു
വെറികൊണ്ടാപ്പുലി— ഭഗവാനേ! (ശരണമയ്യപ്പം)

53. വിരികണ്ണോട്ടമാ വിളയാട്ടം കാണ്മാൻ
തെരുവിൽക്കൂടിയ പുരുഷാരം
തെരുതെരെപ്പുലി,ക്കയിരാൽ നല്കുന്നു
തിരുവോണസ്സദ്യ— ഭഗവാനേ! (ശരണമയ്യപ്പം)

54. നരകയാതനയനുഭവിക്കുന്ന
നരവരോത്തമരമണിയും
ശരണമെൻ വത്സ ! ശരണമെന്നേററം
മുറവിളിക്കുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

55. നളിനനേർമിഴിക്കഭയമുള്ളഴി-
ഞ്ഞുലകിൻ നാഥനങ്ങുടനേകി
"കളി മതി ; പോ നീ തിരിയെ"യെന്നീററ-
പ്പുലിയൊടോതുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

56. മണികണ്ഠൻ വെറും മനുജനല്ലെന്നു
നിനവു കൈവന്നു നിഖിലരും
കനിവു നേടുവാനവിടത്തേക്കഴൽ
പണിയുന്നു മേന്മേൽ— ഭഗവാനേ ! (ശരണമയ്യപ്പം)

57. അപരമേറെയുണ്ടിനിയും താവക-
മപദാനം ; സവ്മതിചിത്രം ;
കൃപണരാം ഞങ്ങൾക്കവയെ വർണ്ണിപ്പാൻ
വിഭവമില്ലല്ലോ—ഭഗവാനേ ! (ശരണമയ്യപ്പം)

58. മുദിതപാഷണ്ഡനവിടുന്നപ്പുറം
മധുരമാകുമീ മലനാട്ടിൽ
സ്വതന്ത്ര പഞ്ചധാ പരിലസിപ്പിച്ചു
മുദിതനായ് വാഴ്വൂ— ഭഗവാനേ ! (ശരണമയ്യപ്പം)

59. ശുഭമുഹൂർത്തമമവിടുന്നാശ്രമ-
മൂർത്തം കൈക്കൊണ്ടലിവോടേ
ശബരിമാമലമുകളിൽ മിന്നുന്നു
സപരിവാരനായ്—ഭഗവാനേ! (ശരണമയ്യപ്പം)

60. സപദി കത്തിച്ച മകരദീപത്തിൻ
പ്രഭയിൽ സ്വാമിതൻ തിരുമേനി
ശബരിയാം ഗിരി കയറിക്കണ്ടവ-
രപുനസ്സംഭവർ—ഭഗവാനേ! (ശരണമയ്യപ്പം)

61. അവിടേ ഞങ്ങൾക്കാശ് ശുഭമുഹൂർത്തത്തി-
ലവനതരായ് വന്നണയണം;
സവിധത്തിൽക്കടന്നടിമലർക്കുപ്പി-
ബ്ഭവികം നേടണം—ഭഗവാനേ! (ശരണമയ്യപ്പം)

62. അതിനു മാലയിട്ടടിയങ്ങൾ ദീർഘ-
വ്രതവും ദീക്ഷിച്ചു മരുവുന്നു;
വിധിവത്തായതു നിറവേറാൻ ഭവാൻ
സദയനാകണേ—ഭഗവാനേ! (ശരണമയ്യപ്പം)

63. ഭജനലോലരാമടിയങ്ങൾ ചാർത്തും
വൃജിനഹീനമിസ്സുമദാമം
വിജയലക്ഷ്മിതൻ വരണമാല്യമാ-
യജിത! തീരണേ—ഭഗവാനേ! (ശരണമയ്യപ്പം)

64. ശരണം സ്വാമിയേ! ശരണം ശാസ്താവേ!
ശരണമത്ഭുതമഹിമാവേ!
ശരണമില്ലൊന്നുമടിയങ്ങൾക്കങ്ങേ-
ച്ചരണമല്ലാതെ—ഭഗവാനേ! (ശരണമയ്യപ്പം)

65. പെരുമാററത്തിൻെറ പിശകിനാലെന്നും
ദുരിതം നേടിന രസനകൾ
പരമാപ്പാപത്തിൻ പരിഹാരത്തിന്നു
ശരണം ചൊല്ലട്ടേ—ഭഗവാനേ! (ശരണമയ്യപ്പം)

66. ഹൃദയശുദ്ധിതൻ തണലിൽ മണ്ഡല-
വ്രതവിധിയെല്ലാം നിറവേററി
ധൃതിയൊടും ഞങ്ങൾ മലയിലേക്കുള്ള
ഗതി തുടങ്ങുന്നു—ഭഗവാനേ! (ശരണമയ്യപ്പം)

67. ഇരുമുടിക്കെട്ടു തലയിലേറുമ്പോൾ-
പ്പെരുകിടുമങ്ങേക്കരുണയാൽ
ഇരുളിൻ കുമ്പാരമകമേനിന്നങ്ങോ
പറപറക്കുന്നു—ഭഗവാനേ! (ശരണമയ്യപ്പം)

68. തലയിലിച്ചുമടടിയങ്ങൾക്കൊരു
മലരൊടൊത്തിടും ലഘുതയിൽ
വിലസിടുന്നതു വിപുലമാമങ്ങേ-
യലിവിൻ വൈഭവം—ഭഗവാനേ! (ശരണമയ്യപ്പം)

69. കരിമുകിൽനിറം കലരും ചേലയൊ-
ന്നരയിൽച്ചാർത്തിക്കൊണ്ടടിയങ്ങൾ
വിരവിൽപ്പോകുന്നു ശരണവും പാടി-
ഗ്ഗിരിയെ ലാക്കാക്കി—ബ് ഭഗവാനേ! (ശരണമയ്യപ്പം)

70. "വിരസനായിട്ടും ജലധി വേഴ്ച്ചയ്ക്കു
തരമല്ലെന്നോർത്തു തടിനികൾ
ഗിരിദരികളിൽ ഭജനം ചെയ്യുവാൻ
തിരിയെപ്പോരുന്നോ?—ഭഗവാനേ!" (ശരണമയ്യപ്പം)

71. പലമട്ടിത്തരമമരർ ചിന്തിച്ചു
നിലവിട്ടത്ഭുതമിയലവേ
വലിയ സംഘംചേർന്നിവിടത്തേദ്ദാസർ
ചലനം ചെയ്യുന്നു—ഭഗവാനേ! (ശരണമയ്യപ്പം)

72. എരുമേലിപ്പേട്ട വരെയും പോയിടാ-
മൊരുവിധം ലോക,ക്തിനുമേൽ
ഗിരിയും ഘോരമാം വിപിനവും നീളെ-
ത്തരണം ചെയ്യണം—ഭഗവാനേ! (ശരണമയ്യപ്പം)

73. ഒരിടം വാനിൻമെയ് തടവുന്നു; വേറി-
ട്ടൊരിടം കീഴലകിടയുന്നു;
മരവിക്കുന്നു കാൽ കയറിയും നീളെ-
പ്പർമിറങ്ങിയും—ഭഗവാനേ! (ശരണമയ്യപ്പം)

74. അലറുന്നു കടന്നെതിരിൽ വൻപുലി ;
നിലവിളിക്കുന്നു കൊലകൊമ്പൻ ;
പലതരം ദുഷ്ടമൃഗകുലം തമ്മിൽ-
ക്കലശൽ കൂട്ടുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

75. ഇരുളിൻ കോയിമ്മ പുലരുമക്കാട്ടിൽ-
പ്പെരികെ മെയ് നീണ്ടും വളവാർന്നും
ഒരുവഴിത്താര കിടകൊൾവൂ മുന്നിൽ-
ക്കരുനാഗം പോലെ—ഭഗവാനേ ! (ശരണമയ്യപ്പം)

76. ഘൃണവെടിഞ്ഞെങ്ങും, പ്രകൃതി തൻ വേലിൻ
മുനകൾ-മുള്ളുകൾ-നെടുനീളെ
അണിനിരത്തിട്ടമതിലേ പോകുവാൻ
തുനിവെവർക്കുണ്ടാം?—ഭഗവാനേ ! (ശരണമയ്യപ്പം)

77. ഇതൊരു സാമാന്യവിധിയെന്നാകിലും
ജിതഭയരങ്ങേപ്പദഭക്തർ
അതിനെത്താൻ ഘണ്ടാപഥമായ് കല്പിച്ചു
ഗതി തുടരുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

78. അകലുഷരങ്ങേച്ചരണദാസർക്കു
ശിഖരിയയ്യപ്പൻ, ചെറുപുല്ലും ;
ദ്രുഹിണനയ്യപ്പൻ, കൃമിയുമയ്യപ്പൻ ;
സകലമയ്യപ്പൻ;—ഭഗവാനേ ! (ശരണമയ്യപ്പം)

79. വടിവെഴും ധ്വാന്തവസനം ചാർത്തിക്കൊ-
ണ്ടടവിയും ഭക്തിവിവശയായ്
അടിയങ്ങൾക്കൊപ്പമവിടത്തെക്കൂപ്പാ-
നടനം ചെയ്യുന്നോ—ഭഗവാനേ ? (ശരണമയ്യപ്പം)

80. ഇരുൾ ഞങ്ങൾക്കിന്നു മിഴികൾക്കഞ്ജനം ;
ദ്വിരദബൃംഹിതം ശുഭഗീതം ;
ചരണശോണിതം സരണി പൂശിടും
സുരഭികുങ്കുമം—ഭഗവാനേ ! (ശരണമയ്യപ്പം)

81. ധനുവാം മാസത്തിൽ പ്രകൃതി ഞങ്ങളി-
ലനിശം തൂകിടും ഹിമബിന്ദു
ഗണനം ചെയ്യുന്നു സുരർ തളിക്കുന്ന
പനിനീരായ് ഞങ്ങൾ—ഭഗവാനേ ! (ശരണമയ്യപ്പം)

82. സദയനായ് മുന്നിൽ നടകൊൾവോരങ്ങേ-
ക്കുതിരതൻ കുളമ്പടിപോലെ
പഥികർ വച്ചോരു വെടി മുഴങ്ങുന്നു
കതിനയിൽനിന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

83. കഴലിലേക്കഴപ്പൊഴിയുമാറു മെയ്
തഴുകും തെന്നലിൻ തുണപററി
അഴകിൽ ഞങ്ങളങ്ങൊഴുകും പമ്പയാം
പുഴയിലെത്തുന്നു—ഭഗവാനേ ! (ശരണമയ്യപ്പം)

84. മലയമായിട്ടുമചലം മാർഗ്ഗത്തിൽ,
സുലഭമായങ്ങേക്കൃപനേടാൻ,
വലതുകയ്യാമിപ്പുഴയാൽ ഭക്തക്ക്
തെളിനീർ നല്കുന്നോ?— ഭഗവാനേ! (ശരണമയ്യപ്പാ)

85. മലരും മാലയദ്രവുവുമായ് ക്കാന്ത-
മലയിലങ്ങയെ വിബുധന്മാർ
ഒളിവിൽഗംഗകൊണ്ടഭിഷേകംചെയ്ത
ജലമോ കാണ്മതു?— ഭഗവാനേ! (ശരണമയ്യപ്പാ)

86. ഉരുളൻപാറക്കൽമുഴകളിൽത്തട്ടി-
ത്തരിപെട്ടും തണ്ണീർക്കണികകൾ
പരിസരസ്ഥലിക്കണിയിപ്പൂ ഹാരം
ചെറമുത്താൽ മാറിൽ—ഭഗവാനേ! (ശരണമയ്യപ്പാ)

87. പറവകളുടെ രുതവു,മങ്ങെഴും
കരിയിലകൾതൻ സ്വനിതവും
'ശരണമയ്യപ്പാ ശരണ'മെന്നതിൻ
തരഭേദം താനോ?—ഭഗവാനേ! (ശരണമയ്യപ്പാ)

88. മൃഗവും പമ്പയാമവിടത്തേക്കൃപാ-
ലഹരിയിലൊന്നു മുഴുകിയാൽ
വിഗതതൃഷ്ണമായ് ച്ചമയുമെന്നല്ലീ
നിഗമം ചൊല്വതു?— ഭഗവാനേ! (ശരണമയ്യപ്പാ)

89. തടവററപ്പൂണ്ണ്യനദിയിലും, ഭക്തി-
തട്ടിനിയിങ്കലുമൊരുപോലെ
അടിയ്ങ്ങൾ മുങ്ങിബ്ബഹിരന്തശ്ശുദ്ധർ
നടകൊൾവൂ വീണ്ടും—ഭഗവാനേ! (ശരണമയ്യപ്പം)

90. പതിനെട്ടാംപടി—പരമാട്ടീഘമാം
പദവിതന്നന്തം, പരിപൂതം—
അതിൽവന്നെത്തിപ്പോ,യതിൽവന്നെത്തിപ്പോയ്,
കൃതകൃത്യർ ഞങ്ങൾ—ഭഗവാനേ! (ശരണമയ്യപ്പം)

91. അവിടെത്താവകസഹചരൻ വാവർ
നിവസിക്കും കോവിലണയുമ്പോൾ
അവിഷമം 'ഹിന്ദുമുസൽമാൻ' മൈത്രിയെ-
ന്നെവനും ബോധ്യമാം—ഭഗവാനേ! (ശരണമയ്യപ്പം)

92. പലനിറം പെട്ടം സ്ഫടികദീപങ്ങൾ
പലമട്ടിൽക്കത്തിയെരികിലും
അലഘുദീപ്തിപൂണ്ടവയിൽ മിന്നിടും
ജ്വലനനൊന്നല്ലീ?—ഭഗവാനേ! (ശരണമയ്യപ്പം)

93. "ഒരു മതം നിങ്ങൾക്കൊരു ദൈവം"—ഭവാൻ
നരരൊടിത്തത്വമരുൾചെയ്യാൻ
കരുതി വാവരെ പ്രിയസുഹൃത്താക്കി-
പ്പുരിലനുഭിക്കുന്നു—ഭഗവാനേ! (ശരണമയ്യപ്പം)

94. വടിവിൽ മാളികപ്പ് ഭഗവതിതൻെറ-
യടിമലർക്കുപ്പിയടിയങ്ങൾ
പടികളോരോന്നായ്പ്പതിനെട്ടുംകേറി
നടയിലെത്തുന്നു— ഭഗവാനേ ! (ശരണമയ്യപ്പം)

95. പതിനെട്ടായ്ത്തിരിച്ചുപചാരങ്ങളെ
വിദിതവേദ്യന്മാർ വിവരിപ്പൂ ;
വിധിവത്തായ് ഞങ്ങളവതാൻ ചെയ്യതി-
പ്പദവിന്യാസത്താൽ— ഭഗവാനേ ! (ശരണമയ്യപ്പം)

96. പതിനെട്ടുണ്ടു പോ,ലുലകിൽ വിദ്യക-
ളതിലഖിലക്കം താനവയെല്ലാം
തദുപദേശിക്കുന്നെന്നറിവൂ ലോകരി-
പ്പദവിക്ഷേപത്താൽ— ഭഗവാനേ ! (ശരണമയ്യപ്പം)

97. അവിടത്തേത്തിരുനടയിലെത്തിന
ഭവികസമ്പന്നരടിയങ്ങൾ
നവനിധീശനെപ്പരമദാരിദ്ര്യ-
വിവശനായ് ക്കാണ്മൂ— ഭഗവാനേ ! (ശരണമയ്യപ്പം)

98. എവിടെയുമങ്ങു ജയജയോൽഘോഷ-
മെവിടെയും ഭക്ത 'ശരണോ'ക്തി ;
എവിടെയും സുധാമധുരസങ്ഗീതം,
ശ്രവണമോഹനം— ഭഗവാനേ ! (ശരണമയ്യപ്പം)

99. സുകൃതം വെല്ലുന്ന ഭവദീയം ; ഗിരി-
ഗുഹകളേ ! നിങ്ങളിവമൂലം
മുഖരിതങ്ങളായ് സ്തുതിചെയ്യുന്നല്ലോ
നിഖിലനാഥനെ—ബ് ഭഗവാനേ ! (ശരണമയ്യപ്പം)

100. തപനൻ തൻ പങ്കമകലുമാറുപോ-
യപരസിന്ധുവിൽ മുഴുകുന്നു,
ശബരിമാമലമകരദീപത്തെ-
സ്സപദി വന്ദിപ്പാൻ—ഭഗവാനേ ! (ശരണമയ്യപ്പം)

101. കതിരവാ ! നീ വാ പഴുതേ ഖദ്യോത-
പ്പുദവിപോയതിൽപ്പതറാതെ ;
ദ്രുതമിങ്ങെത്തുക പരമനാം പ്രഭാ-
പതിയെക്കുപ്പുവാൻ—ഭഗവാനേ ! (ശരണമയ്യപ്പം)

102. ഭുവനമംഗലമണിദീപം ഗർഭ-
ഭവനത്തിൽ ജ്വലിച്ചിളകൊൾവൂ,
നിവിരെത്തുമഞ്ഞപ്പുതുനീരാടിച്ചു
സവിധഭൂമിയെ—ബ് ഭഗവാനേ ! (ശരണമയ്യപ്പം)

103. അനവധി ഭക്തരവിടെ നിർമ്മിച്ച
ഘനസാരശ്വേതശിഖരികൾ
അനലസമ്പർക്കം തടവിടുന്നേരം
കനകശൈലങ്ങൾ—ഭഗവാനേ ! (ശരണമയ്യപ്പം)

104. പരിചൊടട്ടിക്കിലെരിയും കർപ്പൂര-
ത്തരികളാം സിദ്ധർ, പരിശുദ്ധർ,
അരുതിയിൽച്ചേരും പരമാത്മാവാം നി-
ന്തിരുവടിയോട്ടു—ഭഗവാനേ! (ശരണമയ്യപ്പം)

105. അവിടെക്കാണ്മതെന്തെതിരിൽ നാം? സാക്ഷാൽ
സവിതൃകോടിതന്നുദയമോ?
ഭുവനത്തിലിതൻ കരണനെപുണ്യത്തി-
ന്നവധിരേഖയോ?—ഭഗവാനേ! (ശരണമയ്യപ്പം)

106. കടമിഴിക്കോണിൻ ചലനത്താൽ വിശ്വം
നടനം ചെയ്യിക്കും പ്രഭുതയോ?
ചടുലഗാത്രിയാം ഭൃഗുസുതോർവ്വിതൻ
നെടിയ ഭാഗ്യമോ?—ഭഗവാനേ! (ശരണമയ്യപ്പം)

107. മുടികൾതങ്ങളിൽ,ച്ചുട്ടുചടെത്തട്ടി-
യുടയുമാ,രമ്പർ തിരുമുൻപിൽ
വടികളായ് വീണു പൊടികൾ ചൂടിട്ടു-
മടിമലരിണ—ഭഗവാനേ! (ശരണമയ്യപ്പം)

108. കഴൽപണിഞ്ഞിടും നരർതന്നുള്ളിൽനി-
ന്നൊഴിയും ക്രൂരിരുൾനിര തിങ്ങി
ചുഴലവേ തൊഴും വടിവെഴും ചേല
തഴകുവോരര—ഭഗവാനേ! (ശരണമയ്യപ്പം)

109. മഴവില്ലിന്നു,മാൺമയിലിൻ പീലിക്കും
പിഴമുഴപ്പിച്ചു പലമട്ടിൽ
മിഴി കവർന്നിടും മണിയണിപ്പുഴ-
യൊഴുകും മാറിടം—ഭഗവാനേ! (ശരണമയ്യപ്പം)

110. വനതലത്തിലേ മൃഗഭയം തീർത്തു
മുനിജനങ്ങൾതന്നഴൽ പോക്കാൻ
കണയും വില്ലുമായ് ത്തിരുനായാട്ടിന്നു
ത്തുണനില്ക്കും കൈകൾ—ഭഗവാനേ! (ശരണമയ്യപ്പം)

111. ഒളിയെഴുന്നപൽക്കുരുമൊഴികൾവി-
ട്ടിളകിച്ചെഞ്ചൊടിമലരിങ്കൽ
വിളയും തേൻ നുകർന്നിനിമയാർന്നെത്തും
കുളിർവെൺപുഞ്ചിരി—ഭഗവാനേ! (ശരണമയ്യപ്പം)

112. കരുണയെന്നപേർ കലരും വിൺപുഴ-
യ്ക്കുറവയായ് ലോകമഖിലവും
കരവരക്കാത്തു പരിലസിച്ചിടും
തിരുമിഴി രണ്ടും—ഭഗവാനേ! (ശരണമയ്യപ്പം)

113. നിറമതിയൊടു പടവെട്ടിപ്പട്ടു-
പ്പരിവട്ടം കൊണ്ട തിരുമുഖം;
കരളിൽ വണ്ടിണയ്ക്കിടർവളർത്തിടും
പുതുകഴൽത്താർ—ഭഗവാനേ! (ശരണമയ്യപ്പം)

114. മുടിയിൽക്കട്ടിപ്പൊൻമകുടം ; പീഠത്തി-
ന്നടിയിൽ നൽച്ചെന്നീർമട്ടമലർ ;—
ഇടയിലിത്തരമവിടത്തേപ്പൂമെയ്
വടിവിൽ മിന്നുന്നു—ഭഗവാനേ ! (കുളകം) (ശ...പ്പം)

115. അടിമുതൽ രമ്യം മുടിയോളം : ഹാഹാ !
മുടിമുതൽക്കാന്തമടിയോളം ;
അടിയങ്ങൾക്കേതൊരവയവം കാണ്മാൻ
പടുതയുണ്ടിതിൽ?—ഭഗവാനേ ! (ശരണമയ്യപ്പം)

116. ത്രിദശനായകൻ തൃണസമൻ ; പക്ഷേ
മധുരമാമങ്ങേത്തിരുമേനി
പതിവായ്ക്കാണ്മാൻ തന്നയനലാഭത്തിൽ-
ക്കൊതിയുള്ളോർ ഞങ്ങൾ—ഭഗവാനേ ! (ശരണ)

117. ഒഴിവില്ലാതെയിപ്പിറവിയാഴിയിൽ
മുഴുകുന്നു ഞങ്ങ,ളുയരുന്നു ;
കുഴയുന്നു കൈകാ,ലവിടുന്നേയുള്ളൂ
തുഴയും തോണിയും—ഭഗവാനേ ! (ശരണമയ്യപ്പം)

118. ശബരിമേട്ടിൽ വാണരുളിടും പോലെ
ചപലർ ഞങ്ങൾതന്നകമേയും
വിഭുതയിൽ വാണു വിഹിതമേകുവാൻ
കൃപ പുലമ്പണേ—ഭഗവാനേ ! (ശരണമയ്യപ്പം)

119. ധരയിതൊക്കെയും ശബരിമേടെന്നും
സ്ഥിരചരവ്യൂഹമഖിലവും
ഹരിഹരാത്മജമയമെന്നും കാണ്മാൻ
തരണമേ മിഴി—ഭഗവാനേ ! (ശരണമയ്യപ്പം)

120. പരരും ഞങ്ങളും പലരല്ലേകരി-
പ്പുരമതത്വമാം പടവേറി
ത്വരിതം ഞങ്ങളിപ്പിറവിയാം കടൽ
തരണംചെയ്യണേ—ഭഗവാനേ ! (ശരണമയ്യപ്പം)

121. കരുതിടേണ്ടൊരു വിഷയവും ഭവാൻ ;
കരുതിടുന്നോനും ഗുരു ഭവാൻ !
കരുതുവാനുള്ള പദവിയും ഭവാൻ ;
കരുതലും ഭവാൻ – ഭഗവാനേ ! (ശരണമയ്യപ്പം)

122. ശരണമയ്യപ്പാ ! ശരണ,മേതുമൊ-
ന്നറിയപ്പോകാത്തോരടിയങ്ങൾ
പരമങ്ങേക്കൊണ്ടുപലതും ജല്പിച്ചു ;
പരിഭവിക്കൊല്ലേ—ഭഗവാനേ ! (ശരണമയ്യപ്പം)

123. ശരണമയ്യപ്പാ ! വിബുധനേതാവേ !
ശരണം സത്യകജനിതാവേ !
ശരണംവില്ലാളിമുടിമണിപ്പൂൺപേ !
ശരണം സർവ്വേശ—ഭഗവാനേ ! (ശരണമയ്യപ്പം)

124. ശരണമയ്യപ്പാ! സഗുണബ്രഹ്മമേ!
ശരണം ത്രൈലോക്യസുകൃതമേ!
ശരണം ധർമ്മത്തിൻ സതതഗോപ്താവേ!
ശരണം ശാസ്താവേ!—ഭഗവാനേ! (ശരണമയ്യപ്പം)

125. ശരണമയ്യപ്പാ! ശബരിമാമല
ശരണമാം സാധുജനബന്ധോ!
ശരണമാത്മജ്ഞവിനുതസൽകീർത്തേ!
ശരണം ചിന്മൂർത്തേ!—ഭഗവാനേ! (ശരണമയ്യപ്പം)

---

.032
176563
O32:1M77:26
H4

UNIVERSITY LIBRARY
3 Nov. 1956
MADRAS

# ടിപ്പണി.

കുറിപ്പ്.—ഈ കീൎത്തനം പാടേണ്ടതു് 'നരനായിങ്ങനെ' എന്ന മട്ടിലാണ്. ഇതിനു 'സമാസമം' എന്ന പേർ വൃത്തമഞ്ജരിയിൽ നല്കിക്കാണുന്നു.

പുറം—1. ഉപഹാരം = കാഴ്ചദ്രവ്യം. എന്നെന്നും = എപ്പോഴും. ധാൎമ്മികപ്പെരുമാൾ = ധാൎമ്മികന്മാരിൽ അഗ്രഗണ്യൻ; 'ധൎമ്മശാസ്താവു്' എന്ന പേർ അയ്യപ്പനു മാത്രമേ ഉള്ളുവല്ലോ. അഗതികൾ = അശരണർ.

2. പരിമിതം = ചുരുങ്ങിയതു്. പദസൂനം = വാക്കാകുന്ന പുഷ്പം. പരിചൎയ്യ = ആരാധനം. മറകൾ = വേദങ്ങൾ. ജഡർ = മന്ദബുദ്ധികൾ. മഴൽമൊഴി = അവ്യക്തമായ ശബ്ദോച്ചാരണം. ക്രുവുക = ചൊല്ലുക. ഭരം = കടമ.

3. പക = ദ്വേഷം. സരളം = നിഷ്കപടം. ശിവദം = മംഗളകരം. നിറയും കണ്ണുമായി = (ആനന്ദ)ബാഷ്പം വൎഷിക്കുന്ന കണ്ണോടുകൂടി. ഏററുപാടുക = കൂടെച്ചേൎന്നു പാടുക. മതിഹിതം = ബുദ്ധിക്കു ഹിതമായിട്ടുള്ളതു്.

4. സുധ = അമൃതം. തിക്തകം = കയ്ക്കുന്നതു്. ഭുവനശാസ്താവു് = ലോകങ്ങൾക്കു നാഥൻ. ശ്വാപദം = ദുഷ്ടമൃഗം. അപദം = സ്ഥാനമില്ലാത്തതു്. അഖിലം = എല്ലാം. മൃഗയ = നായാട്ടു്. ഉപവനം = ഉദ്യാനം. ദുര = ദുരാശ. ഈററ = കോപം. ഹിംസ്രമൃഗയൂഥം = ഹിംസിക്കുന്ന മൃഗങ്ങളുടെ പററം. തുരഗം = കുതിര. കുതിരയാണു് ശാസ്താവിൻെറ വാഹനം. 'ആരൂഢസ്തുങ്ഗവേഗപ്രവിജിതപവനം തുങ്ഗതുങ്ഗം തുരങ്ഗം' എന്നു ശങ്കരാചാൎയ്യരുടെ ഒരു ധ്യാനശ്ലോകത്തിൽ അതു പ്രത്യേകം എടുത്തു കാണിച്ചിട്ടുണ്ടു്.

5. ഉപകൃതി = ഉപകാരം. സഫലജന്മാക്കൾ = സഫലമായ ജന്മത്തോടുകൂടിയവർ. സനകൻ = സനകമഹൎഷി. ഹരി = വിഷ്ണു. വീരജനനി = വീരനെ പ്രസവിച്ച മാതാവു്. മോഹിനീരൂപം ധരിച്ചു്, അസുരന്മാരെ മോഹിപ്പിച്ചു ദേവന്മാരെ അമൃതപ്രാശനം ചെയ്യിച്ച മഹാവിഷ്ണുവിൽ ശ്രീപരമേശ്വരൻ അനുരക്തനായി എന്നും, ആ ദാമ്പത്യത്തിൻെറ

ഫലമായി ശാസ്താവ് അവതരിച്ചു എന്നും പുരാണകഥ. കണിക = ബിന്ദു. നിഖിലേശൻ = എല്ലാവക്കും ഈശ്വരൻ. ഗീതാഗുരു = ഭഗവദ്ഗീത അജ്ജുനനു് ഉപദേശിച്ച ആചായ്യൻ. കാമ്യം = ആഗ്രഹിക്കത്തക്കതു്. ഗുണഗരിഷ്ഠം = ഏററവും ഗുണത്തോടുകൂടിയതു്. ജനയിത്രി = മാതാവു്. ഘനവണ്ണൻ = മേഘവണ്ണൻ (വിഷ്ണു). ഇരുവർ = ഗണപതിയും സുബ്രഹ്മണ്യനും.

6. പിതാക്കൾ = മാതാപിതാക്കൾ. പതിതസേവനം = പതിതന്മാരുടെ വിഷയത്തിലുള്ള ശുശ്രൂഷ. സദയൻ = ദയാവാൻ. സുതപ്രേമലഹരി = പുത്രവാത്സല്യമാകുന്ന (സമുദ്രത്തിലേ) വൻതിര. വിധു = വിഷ്ണു. ഈശൻ = ശിവൻ. പശുപതി = ശിവൻ. പൊരുൾ = അത്ഥം. ഭവികദൻ = കുശലം നല്കുന്നവൻ.

7. ഹരിഹയനീലമണിശില = ഇന്ദ്രനീലരത്നത്തിൻെറ തകിടു്. ശാസ്താവിൻെറ ശരീരവണ്ണം നീലമാണു്. സംസ്കൃതത്തിൽ നീലമെന്നാൽ കറുപ്പെന്നും അത്ഥമുണ്ടു്. "കാളാംബുദശ്യാമളം" എന്നു് ഒരു ധ്യാനശ്ലോകത്തിൽ കാണുന്നു. മൃഗമദം = കസ്തൂരി. കുലപുരി = വംശത്തിൻെറ രാജധാനി. മണിവണ്ണൻ = മരതകവണ്ണൻ (ശ്രീകൃഷ്ണൻ). മണിക്കു മരതകമെന്നും കറുപ്പെന്നും തമിഴിലും പഴയമലയാളത്തിലും അത്ഥമുണ്ടു്. മണിവണ്ണൻ എന്ന പദം കവികൾ ഇക്കാലത്തും പ്രയോഗിക്കുന്നുണ്ടു്. അനഘൻ = നിമ്മലൻ. മണികണ്ഠാഖ്യൻ = മണികണ്ഠൻ എന്നു പേരുള്ളവൻ. മണികണ്ഠൻ എന്ന പേരോടുകൂടിയാണു് ശാസ്താവു മധുരയിൽ വളന്നതു്. സകലശസ്ത്രാസ്ത്രകുശലൻ = എല്ലാ ശസ്ത്രങ്ങളും അസ്ത്രങ്ങളും പ്രയോഗിക്കുന്നതിൽ വിദഗ്ദ്ധൻ. ശസ്ത്രംകൊണ്ടു് ശത്രുക്കളെ ഹിംസിക്കുകയും അസ്ത്രംകൊണ്ടു് ഓടിക്കുകയും ചെയ്യുന്നു.

8. ധമ്മതരു = ധമ്മമാകുന്ന വൃക്ഷം. ദുരിതമാരകൻ = പാപങ്ങളെ നശിപ്പിക്കുന്നവൻ. തലമുകൾക്കൊണ്ടു് = അത്യന്തം വദ്ധിച്ചു്. സ്ഥവിരൻ = വയോധികൻ. തറുതലക്കാരൻ = തക്കുത്തരക്കാരൻ; താന്തോന്നി. പൊറുതി = ഉപജീവനം.

9. മഹിഷി = പട്ടമഹിഷി; മഹാരാജ്ഞി. (മഹിഷീശബ്ദത്തിനു് എരുമയെന്നും അത്ഥമുണ്ടു്; അത്രമാത്രം ബുദ്ധിഹീനയെന്നുകൂടി വിവക്ഷ). ഈററപ്പുലി = പ്രസവിച്ചുകിടക്കുന്ന പുലി. (അതിനു ക്രൌയ്യം കൂടുമല്ലോ.) ഹൃദയേശൻ = പ്രാണനാഥൻ. അരുവയർമുത്തു് = സുന്ദരിമാരിൽ സുന്ദരി. പ്രേമാന്ധൻ = പ്രേമംകൊണ്ടു വിവേചനശക്തി നശിച്ചവൻ. അടിയുക = അധഃപതിക്കുക.

10. സുരഭി = കാമധേനു. ദുഗ്ദ്ധജലധിശായി = പാല്ക്കടലിൽ പള്ളികൊള്ളുന്ന വിഷ്ണു. വിരികണ്ണ് = വിരിഞ്ഞ കണ്ണ്; ഉൽഫുല്ലമായ നേത്രം. പുരുഷാരം = ജനസമൂഹം.

11. യാതന = കഠിനമായ വേദന. നരവരോത്തമരമണി = (നരവരോത്തമന്റെ) രാജശ്രേഷ്ഠന്റെ പത്നി. ഉലകിൻനാഥനങ്ങ് = ലോകനാഥനായ അങ്ങ്. അപരം = വേറെയും. അപദാനം = ശ്രേഷ്ഠകർമ്മം. ചിത്രം = അത്ഭുതം. കൃപണർ = ദരിദ്രർ (വസ്തുവിഷയത്തിൽ). വിഭവം = സമ്പത്ത് (ശബ്ദാദിവിഷയങ്ങളിൽ). മൃദിതപാഷണ്ഡൻ = നാസ്തികന്മാരെ മർദ്ദിക്കുന്നവൻ. മധുരം = മനോഹരം. സ്വതനു = തന്റെ ദേഹം. പഞ്ചധാ = അഞ്ചുവിധത്തിൽ. മലയോരത്തിൽ ശാസ്താവു നിത്യസന്നിധാനം ചെയ്യുന്ന അഞ്ചു പ്രധാനക്ഷേത്രങ്ങളുണ്ട്. അവയിൽ കുളത്തൂപ്പുഴയിൽ ബാലശാസ്താവിന്റെയും ആര്യങ്കാവിൽ കുമാരശാസ്താവിന്റെയും അച്ചൻകോവിലിൽ ഗൃഹസ്ഥശാസ്താവിന്റെയും ശബരിമലയിൽ വാനപ്രസ്ഥശാസ്താവിന്റെയും കാന്തമലയിൽ സന്യാസിശാസ്താവിന്റെയും വിഗ്രഹങ്ങളാണ് പ്രതിഷ്ഠിച്ചിരിക്കുന്നതെന്നു ഭക്തന്മാർ സങ്കല്പിക്കുന്നു. കാന്തമലക്ഷേത്രം ഏതെന്ന് ആർക്കും അറിവില്ല; മലയപർവ്വതത്തിന്റെ ഉപരിഭാഗത്തിലാണെന്നു പറയുന്നു.

12. ഉപോത്തമം ആശ്രമം = ഒടുവിലത്തേതിനു മുൻപുള്ളത്, അതായതു വാനപ്രസ്ഥാശ്രമം. അഭിമതം = ഇഷ്ടപ്പെടുന്നത്. സപരിവാരൻ = പരിവാരത്തോടുകൂടിയവൻ. പരിവാരം = ഭൂതഗണം; ഭൂതനാഥനാണല്ലോ ശാസ്താവ്. സപദി = വേഗത്തിൽ. ഗിരി = പർവ്വതം. അപുനസ്സംഭവർ = പുനർജ്ജന്മമില്ലാത്തവർ. അവനതർ = വണക്കത്തോടുകൂടിയവർ. സവിധം = സമീപം. ലോലർ = തൽപരർ. വൃജിനഹീനം = പരിശുദ്ധം. അജിതൻ = ആരാലും ജയിക്കപ്പെടാത്തവൻ.

13. സ്വാമി = ദൈവം. മഹിമാവ് = മഹത്ത്വം. രസന = നാക്ക്. ധൃതി = ധൈര്യം. ലഘുത = ഘനമില്ലായ്മ.

14. വിരസൻ = രസമില്ലാത്തവൻ. ജലധി = സമുദ്രം (ജഡബുദ്ധി എന്നുമർത്ഥം). ദരി = ഗുഹ. ചലനംചെയ്യുക = ഇളകുക; സഞ്ചരിക്കുക. തരണംചെയ്യുക = കടക്കുക. കീഴുലക് = പാതാളം.

15. കോയിമ്മ = സർവ്വാധികാരം. വഴിത്താര = ചെറിയ പാത. ഘൃണ = കരുണ. മുള്ളുകൾ വേലിന്റെ മുനകൾ പോലെ കുത്തിരിക്കുന്നു. തുനിവ് = സാഹസം. സാമാന്യവിധി = പൊതുവേയുള്ള ന്യായം. ജിത

ഭയർ = ഭയത്തെ ജയിച്ചവർ. ഘണ്ടാപഥം = രാജമാൎഗ്ഗം ; റോഡ്. ശിഖരി = പൎവ്വതം. ദ്രുഹിണൻ = ബ്രഹ്മാവ്.

16. ധ്വാന്തവസനം = ഇരുട്ടാകുന്ന വസ്ത്രം. അടവി = കാട്. അടനംചെയ്യുക = നടക്കുക. ദ്വിരദബൃംഹിതം = ആനകളുടെ അലൎച്ച. ചരണശോണിതം = കാലിൽനിന്നൊഴുകുന്ന രക്തം. സരണി = വഴി. അനിശം = എപ്പോഴും. ഹിമബിന്ദു = മഞ്ഞുതുള്ളി. സുരർ = ദേവന്മാർ. പഥികർ = യാത്രക്കാർ. തെന്നൽ = ഇളങ്കാററ്.

17. മലയമായിട്ടുമചലം = മലയപൎവ്വതം, പമ്പ മലയപൎവ്വതത്തിൻെറ വലത്തുകൈപോലെയിരിക്കുന്നു എന്നു കല്പന. മലർ = പൂവ്. മലയദ്രവം = ചന്ദനച്ചാറ്. വിബുധന്മാർ = ദേവന്മാർ. ഈ ചരണത്തിൽ പൂവും പൂമ്പൊടിയും ചേൎന്ന് ഒഴുകിവരുന്ന പമ്പാജലത്തെ കാന്തമലയിൽ ദേവന്മാർ പുഷ്പവും ചന്ദനദ്രവവും കലൎത്തി ശാസ്താവിനെ അഭിഷേകംചെയ്ത ഗംഗാജലമായി ഉല്ലേഖനം ചെയ്യുന്നു. രുതം = പക്ഷികളുടെ ശബ്ദം. സ്വനിതം = ഉണങ്ങിയ ഇലകളുടെ ശബ്ദം. തരഭേദം = വകഭേദം. വിഗതതൃഷ്ണം = (തൃഷ്ണ) ദാഹം തീൎന്നതു്.

18. തടിനി = നദി. ബഹിരന്തശ്ശുദ്ധർ = ശരീരവും അന്തഃകരണവും ശുദ്ധീകരിച്ചവർ. പദവി = പാത. 'പരിപൂതം = ഏററവും പാവനം. കൃതകൃത്യർ = ചെയ്യേണ്ടതു ചെയ്തവർ; ചരിതാൎത്ഥർ. സഹചരൻ = കൂട്ടുകാരൻ. വാവർ ശാസ്താവിൻെറ ഉത്തമസുഹൃത്താണ്. അവരുടെ സൌഹാർദ്ദത്തെ ആസ്പദമാക്കി പല കഥകളും ഗാനങ്ങളും പ്രചരിക്കുന്നുണ്ട്. അവിഷമം = പ്രയാസമില്ലാത്തതു്. മൈത്രി = സ്നേഹം. അലഘുദീപ്തി = വലുതായ പ്രകാശം. ജ്വലനൻ = അഗ്നി.

19. പതിനെട്ടുപചാരങ്ങൾ ; —

"ആസനം സ്വാഗതം പാദ്യമൎഘ്യമാചമനീയകം
സ്നാനം വസ്ത്രോപവീതഞ്ച ഭൂഷണാനി ച സൎവ്വശഃ
ഗന്ധപുഷ്പേ തഥാ ധൂപദീപാവന്നംച തൎപ്പണം;
മാല്യാനുലേപനം ചൈവ നമസ്കാരവിസൎജ്ജനേ"

എന്നിവയാകുന്നു. ഇവയുടെ സ്വരൂപം വിവരിക്കുന്നില്ല. വിദിതവേദ്യന്മാർ = അറിയേണ്ടതു് അറിഞ്ഞവർ; മന്ത്രശാസ്ത്രജ്ഞർ. പദവിന്യാസം = കാൽവയ്പ്. പതിനെട്ടുവിളക്കുകൾ:—

DEPARTMENT ... 7 DEC 1956 ... UNIVERSITY OF MADRAS

അങ്ഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
ധർമ്മശാസ്ത്രം പുരാണം ച വിദ്യാഹ്യേതാശ്ചതുർദ്ദശ
ആയുർവ്വേദോ ധനുർവ്വേദോ ഗാന്ധർവ്വശ്ചേതി തേ ത്രയഃ
അർത്ഥശാസ്ത്രം ചതുർത്ഥം തു വിദ്യാ അഷ്ടാദശൈവ തു"

എന്നീ ശ്ലോകങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നു. അവയേയും ഇവിടെ വർണ്ണിക്കേണ്ടതില്ല. അതിലഘുക്കൾ = ഏററവും തുച്ഛങ്ങൾ. ത്വൽപദസേവി = അങ്ങയെ ഭജിക്കുന്നവൻ. പദവിക്ഷേപം = കാൽകൊണ്ടുള്ള ചവിട്ട്. നവനിധീശൻ = ഒൻപതു നിധികൾക്കും ഈശനായ കുബേരൻ.

20. ഭവദീയം സുകൃതം = നിങ്ങളുടെ പുണ്യം. മുഖരിതങ്ങൾ = ശബ്ദിക്കുന്നവയാക്കപ്പെട്ടവ. തപനൻ = സൂര്യൻ. പങ്കം = പാപം (അഴുക്കെന്നും). അപരസിന്ധു = പശ്ചിമസമുദ്രം. ഖദ്യോതനെന്നൊരു പേർ സൂര്യനുണ്ട്; അതു് ആകാശത്തെ ദ്യോതിപ്പിക്കുകനിമിത്തം സിദ്ധിച്ചതാണ്. ഖദ്യോതമെന്നാൽ മിന്നാമിനുങ്ങെന്നും അർത്ഥം. പദവി = സ്ഥാനം. ദ്രുതം = ശീഘ്രം. സാക്ഷാൽ പ്രഭാപതി സൂര്യനല്ലെന്നും ശാസ്താവാണെന്നും സമർത്ഥിക്കുന്നു. 'പ്രഭ' എന്നതു ശാസ്താവിൻെറ പത്നിയുടെ പേർ. ഗർഭഭവനം = ഗർഭഗൃഹം. ഇളകൊള്ളുക = വസിക്കുക. ഘനസാരം = കർപ്പൂരം. ശ്വേതശിഖരി = വെളുത്ത മല (കൈലാസം). അനലൻ = അഗ്നി. കനകശൈലം = പൊന്മല (മഹാമേരു).

21. അവിടെ എരിയുന്ന കർപ്പൂരത്തിൻെറ ഓരോ തരിയും ഓരോ സിദ്ധനാണ്. അവതി = അവസാനം. സവിതൃകോടി = കോടിസൂര്യന്മാർ. ഭുവനശില്പി = സൃഷ്ടികർത്താവ്. അവധിരേഖ = അവസാനരേഖ; അതിനുമേൽ നൈപുണ്യം പ്രദർശിപ്പിക്കുക സാദ്ധ്യമല്ല. പ്രഭുത = പ്രാഭവം. ഭൃഗുസുതോർവ്വി = പരശുരാമൻെറ ഭൂമി; കേരളം. ഉമ്പർ = ദേവന്മാർ. വടികളായ്‌വീണു = ദണ്ഡനമസ്കാരംചെയ്തു്.

22. മണിയണിപ്പുഴ = പുഴപോലെ നീണ്ടുള്ള (മണിയണികൾ) രത്നാഭരണങ്ങൾ. കുരുമൊഴി = ഒരുവക മുല്ലപ്പൂ. ചെഞ്ചൊടി = ചുവന്ന ചുണ്ട്. ഇനിമ = മാധുര്യം. കുറവറ = കുറവ് അറുന്നവിധത്തിൽ. നിറമതി = പൂർണ്ണചന്ദ്രൻ. പരിവട്ടം = വിജയചിഹ്നമായ വിശേഷവസ്ത്രം. പുരികുഴൽ = തലമുടി.

23. മുകുടം = കിരീടം. ചെന്നീർമട്ടമലർ = ചെന്താമരപ്പൂവ്. മട്ടമലർ = തേൻ ഒഴുകുന്ന പൂവ്. കാന്തം = മനോഹരം. ത്രിലോകനായകൻ

=ദേവേന്ദ്രൻ. തന്നയനലാഭത്തിൽ=ആ ദേവൻെറ ആയിരം കണ്ണുകൾ കിട്ടുന്നതിൽ. വിഹിതം=വേണ്ടുന്നതു്.

24. ധര=ഭൂമി. സ്ഥിരചരവ്യൂഹം=അചരങ്ങളും ചരങ്ങളുമായ വസ്തുക്കളുടെ സമൂഹം. പടവു്=കപ്പൽ. ജല്പിച്ചു=പുലമ്പി. സത്യക ജനിതാവു്=സത്യകൻെറ അച്ഛൻ. ശാസ്താവിന്നു് സത്യകനെന്നൊരു പുത്രനുണ്ടു്. പൂൺപു്=ആഭരണം.

25. സതതഗോപ്താവു്=എപ്പോഴും രക്ഷിക്കുന്നവൻ. ശരണ =വാസസ്ഥാനമാകുന്ന. ആത്മജജാവിന്നുതസൽകീർത്തി = ആത്മജ ന്മാരാൽ സ്തുതിക്കപ്പെടുന്ന സൽകീർത്തിയോടുകൂടിയവൻ.

ഈ ടിപ്പണി ശങ്കരഭഗവൽപാദരുടെ ശിവകേശാദിപാദാന്തസ്തോ ത്തിലുള്ള അധോലിഖിതമായ ശ്ലോകത്തോടുകൂടി അവസാനിപ്പിക്കാം.

"ആരൂഢഃ പ്രൌഢവേഗപ്രവിജിതപവനം
 തുങ്ഗതുങ്ഗം തുരങ്ഗം
ചേലം നീലം വസാനഃ കരതലവിലസ-
 ച്ചാരുകോദണ്ഡകാണ്ഡഃ
രാഗദ്വേഷാദിനാനാവിധമൃഗപടലീ-
 ഭീതികൃദ്ഭൂതഭർത്താ
കുർവ്വന്നാഖേടലീലാം പരിലസതു മനഃ-
 കാനനേ മാമകീനേ."

ഓരോ ചരണത്തിൻേറയും അവസാനത്തിൽ "ശരണമയ്യപ്പാ" ന്നു തുടങ്ങുന്ന ആദ്യത്തെ നാലുവരികൾ ചൊല്ലണം; അതിന്നു സൌക മില്ലാത്ത അവസരങ്ങളിൽ 'ശരണമയ്യപ്പാ' എന്നു് ഉച്ചരിച്ചാലും മതിയ കും.

---

ശുദ്ധിപത്രം:—22-ാം വശത്തു "പട്ടപ്പരിവട്ടം" എന്നച്ചടിച്ചിരിക്ക ന്നതു തിരുത്തി "പട്ടുപരിവട്ടം" എന്നു വായിക്കണം.

O32D
176563
032:1M77:26
H4

UNIVERSITY LIBRA

മഹാകവി ഉള്ളൂരിൻെറ

# ചില ഇതരകൃതികൾ

---

| | രു. | ണ. | പൈ. |
|---|---|---|---|
| ഉമാകേരളം | 1 | 14 | 0 |
| അമൃതധാര | 1 | 9 | 0 |
| തരംഗിണി | 1 | 4 | 0 |
| രത്നമാല | 1 | 4 | 0 |
| ദീപാവലി | 0 | 10 | 0 |
| മംഗളമഞ്ജരി | 0 | 10 | 0 |
| ഭാഷാചമ്പുക്കൾ | 2 | 13 | 0 |
| കല്പശാഖി | 1 | 14 | 0 |
| ചൈത്രപ്രഭാവം | 0 | 5 | 0 |
| മാതൃകാജീവിതങ്ങൾ | 0 | 5 | 0 |
| വിജ്ഞാനദീപിക 2-ാംഭാഗം | 2 | 3 | 0 |
| ടി 3-ാംഭാഗം | 2 | 3 | 0 |
| ടി 4-ാംഭാഗം | 2 | 3 | 0 |
| | രു. | ച. | കാ. |
| പദ്യമഞ്ജരി 1-ാംഭാഗം | 0 | 4 | 0 |
| ടി 2-ാംഭാഗം | 0 | 4 | 0 |
| ടി 3-ാംഭാഗം | 0 | 4 | 0 |
| ടി 4-ാംഭാഗം | 0 | 4 | 0 |
| ടി 5-ാംഭാഗം | 0 | 12 | 8 |
| ടി 6-ാംഭാഗം | 0 | 15 | 0 |
| ടി 7-ാംഭാഗം | 0 | 26 | 4 |

29 JUL 1964